

School code : 26056

# എസ് ഡി പി വൈ ബോയ്സ് ഹൈസ്കൂൾ പള്ളുരുത്തി,എറണാകുളം

Email :sdpybhs@gmail.com

## പോഷൻ അഭിയാൻ പോഷൻ മാസാചരണം

സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ സ്കൂൾകുട്ടികളുടെ പോഷകാഹാര സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ നടത്തിവരുന്ന പരിപാടിയായ പോഷൻ അഭിയാന്റെ ഭാഗമായി സെപ്റ്റംബർ മാസം പോഷൻ മാസമായി ആചരിക്കുന്നു.ഇതോടനുബന്ധിച്ച് കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടത്തുകയുണ്ടായി.

## പ്രതിജ്ഞ



"ഞാൻ സ്വയം നന്നായി ആഹരിക്കുകയും ആരോഗ്യകരമായ ഭക്ഷണത്തിന്റെ സന്ദേശം എന്റെ സുഹൃത്തുക്കൾക്കും കുടുംബത്തിനുമിടയിൽ പ്രചരിപ്പിക്കുകയും ചെയ്യും."
"ഞാൻ കൃത്രിമ വസ്തുക്കൾ കലർന്നിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങളും അനാരോഗ്യകരമായ പാനീയങ്ങളും വാങ്ങുകയോ, പ്രോത്സാഹിപ്പിക്കുകയോ,ഉപയോഗിക്കുകയോ,ആർക്കും സമ്മാനിക്കുകയോ ചെയ്യില്ല.
"ഞാൻ ഇലക്കറികളും പച്ചക്കറികളും പഴങ്ങളും കഴിക്കും"
"ഞാൻ സുരക്ഷിതമായ പാചകരീതിയും ഭക്ഷണശീലവും സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും."
"ഞാൻ നന്നായി വെള്ളം കുടിക്കുകയും പതിവായി കൈകഴുകുന്ന രീതി പിന്തുടരുകയും ആരോഗ്യകരമായ ശുചിത്വ ശീലങ്ങൾ പരിശീലിക്കുകയും ചെയ്യും."



പോഷൻ സ്പെഷ്യൽ അസംബ്ലി

## ക്വിസ്
## ന്യൂട്രീഷൻ, ആരോഗ്യകരമായ, ഭക്ഷണ ശുചിത്വ ശീലങ്ങൾ





അഞ്ചുമുതൽ എട്ടുവരെ ക്ലാസുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ന്യൂട്രീഷൻ  കൺവീനർ ഗീത വി എസ് ക്വിസ് നടത്തുന്നു

## പോഷൻ അഭിയാൻ ഭക്ഷ്യമേള

എസ് ഡി പി വൈ യോഗം പ്രസിഡന്റ് സി ജി പ്രതാപൻ ഭക്ഷ്യമേള ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ഹെഡ്മിസ്ട്രസ് ശ്രീദേവി എസ് ആർ,പി ടി എ പ്രതിനിധി,അധ്യാപകർ,അനധ്യാപകർ എന്നിവർ പങ്കെടുത്തു.




കുട്ടികൾ സ്വയം പാചകം ചെയ്തതും കുടുംബാംഗങ്ങളുടെ സഹായത്തോടെ പാചകം ചെയ്തതുമായ ഭക്ഷ്യ വിഭവങ്ങളുടെ പ്രദർശനവും രുചിച്ചുനോക്കലും








# ബോധവൽക്കരണ ക്ലാസ്

**പോഷകസമൃദ്ധമായ ഭക്ഷണത്തെ സംബന്ധിച്ചും കുട്ടികളുടെ ശാരീരിക, മാനസിക വളർച്ചയിലും വികാസത്തിലും പോഷകാഹാരം വഹിക്കുന്ന പങ്കിനെകുറിച്ചും രക്ഷകർത്താക്കളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ് നയിക്കുന്ന ഹോമിയോ ഡോക്ടറായ ഡോക്ടർ രോഹിത്ത് കെ**












# പോഷൻ മാസാചരണം – റിപ്പോർട്ട്

സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ സ്കൂൾകുട്ടികളുടെ പോഷകാഹാര സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ നടത്തിവരുന്ന പരിപാടിയായ പോഷൻ അഭിയാന്റെ ഭാഗമായി സെപ്റ്റംബർ മാസം പോഷൻ മാസമായി ആചരിക്കുന്നു.ഇതോടനുബന്ധിച്ച് കുട്ടികളെയും രക്ഷകർത്താക്കളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടത്തിയതിന്റെ പ്രവർത്തന റിപ്പോർട്ട്

പിടിഎ അംഗങ്ങൾ,രക്ഷകർത്താക്കൾ,അധ്യാപകർ,അനധ്യാപകർ മറ്റ് വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. പോഷൻ സ്പെഷ്യൽ അസംബ്ലി

2.പോഷൻ ക്വിസ്

3.പോഷൻ ഭക്ഷ്യ മേള

4.ബോധവത്കരണ ക്ലാസ്

## പോഷൻ സ്പെഷ്യൽ അസംബ്ലി

ആരോഗ്യകരമായ, ഭക്ഷണ ശുചിത്വ ശീലങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മലയാള പ്രതിജ്ഞ സെപ്റ്റംബർ ഇരുപത്തിരണ്ട് വ്യാഴാഴ്ച സ്കൂൾ അസംബ്ലിയിൽ ചൊല്ലിക്കൊടുക്കുകയും കുട്ടികൾ അത് ഏറ്റുപറയുകയും ചെയ്തു.

## പോഷൻ ക്വിസ്

ന്യൂട്രീഷൻ, ആരോഗ്യകരമായ, ഭക്ഷണ ശുചിത്വ ശീലങ്ങൾ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് സെപ്റ്റംബർ ഇരുപത്താറാം തീയതി നടത്തിയ ക്വിസ് മൽസരത്തിൽ ആറാം ക്ലാസ് എ ഡിവിഷനിലെ ഫൗസാൻ അബ്ദുള്ള ഒന്നാം സ്ഥാനവും രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം അദ്വൈത് ദിനേശൻ,ബിലാൽ പി എൻ എന്നിവരും കരസ്ഥമാക്കി.

## പോഷൻ ഭക്ഷ്യ മേള

സെപ്റ്റംബർ ഇരുപത്തെട്ടാംതീയതി രാവിലെ പത്തുമണിക്ക് തുടങ്ങിയ ഭക്ഷ്യമേളയുടെ ഉദ്ഘാടനം എസ്ഡിപിവൈ യോഗം പ്രസിഡന്റ് സി ജി പ്രതാപൻ നിർവഹിച്ചു. കുട്ടികൾ സ്വയം പാചകം ചെയ്തതും കുടുംബാംഗങ്ങളുടെ സഹായത്തോടെ പാചകം ചെയ്തതുമായ ഭക്ഷ്യ വിഭവങ്ങളുടെ പ്രദർശനവും രുചിച്ചുനോക്കലുമായിരുന്നു മേളയുടെ ആകർഷണം.

## ബോധവത്കരണ ക്ലാസ്

പോഷകസമൃദ്ധമായ ഭക്ഷണത്തെ സംബന്ധിച്ചും കുട്ടികളുടെ ശാരീരിക, മാനസിക വളർച്ചയിലും വികാസത്തിലും പോഷകാഹാരം വഹിക്കുന്ന പങ്കിനെകുറിച്ചും രക്ഷകർത്താക്കളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ് ഹോമിയോ ഡോക്ടറായ ഡോക്ടർ രോഹിത്ത് കെ യുടെ നേതൃത്വത്തിൽ സെപ്റ്റംബർ ഇരുപത്തൊമ്പതിന് നടത്തുകയുണ്ടായി.